# പതിമൂന്നാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 185** 08/12/2015-ൽ മറുപടിക്ക്

## സ്മാർട്ട്സിറ്റി പദ്ധതിയുടെ കരാറനുസരിച്ചുള്ള പ്രവർത്തന പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>,, കോടിയേരി ബാലകൃഷ്ണൻ<br>,, എസ്. ശർമ്മ<br>,, കെ. സുരേഷ് കുറുപ്പ് | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സ്മാർട്ട്സിറ്റി പദ്ധതി കരാറനുസരിച്ച് പ്രവർത്തന പുരോഗതി കൈവരിച്ചിട്ടുണ്ടോ ; | (എ)<br>(ബി)<br>&<br>(സി) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13.05.2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച. അടി. നിർമ്മാണ വിസ്തൃതിയോടു കൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്.<br>കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കർ മാസ്റ്റർ പ്ലാനിന് സംസ്ഥാന പാരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതിക അനുമതിയും MOEF ക്ലിയറൻസും ലഭ്യമായിട്ടുണ്ട്. ഇതു കൂടാതെ 246 ഏക്കറിനും പ്രത്യേക സാമ്പത്തിക മേഖലാ പദവി (SEZ) ലഭ്യമായിട്ടുണ്ട്. ബിൽഡിംഗ് പ്ലാനുകൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള അംഗീകാരം നൽകുന്നതിനായി സ്മാർട്ട് സിറ്റിക്കുവേണ്ടി ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിനെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസിയായി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുമുണ്ട്. ഒന്നാം ഘട്ടത്തിൽ |
| (ബി) | സ്മാർട്ട്സിറ്റി പദ്ധതി കരാറനുസരിച്ച് പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | |
| (സി) | കരാറനുസരിച്ച് ഏതെല്ലാം കാര്യങ്ങളാണ് ഇക്കാലയളവിൽ പൂർത്തീകരിക്കേണ്ടിയിരുന്നത് എന്ന് വ്യക്തമാക്കുമോ ; എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടില്ല എന്ന് അവലോകനം നടത്തിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | ഏകദേശം 5000 പേർക്ക് ജോലി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡിലെ ഗവൺമെന്റ് പ്രതിനിധികൾ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്. |
| (ഡി) | സ്മാർട്ട്സിറ്റിയെ ഐ.ടി. സെസിൽ നിന്നും മൾട്ടിസെസ് ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമൂലം സ്മാർട്ട്സിറ്റി അധികൃതർ അനധികൃത ലാഭം നേടുമോ; വിശദാംശം വ്യക്തമാക്കുമോ ; | (ഡി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ച് സ്മാർട്ട്സിറ്റി കരാറനുസരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; | (ഇ) | വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം, എന്നിവ ഉറപ്പാക്കി പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി വരുന്നു. |
| (എഫ്) | സ്മാർട്ട് സിറ്റിക്ക് സർക്കാർ നൽകിയ സ്ഥലം ഉപസംരംഭകർക്ക് നൽകുന്നതിലൂടെ വൻലാഭം നേടിയെടുക്കുന്നതായും ഇതിന് സർക്കാർ കൂട്ടുനില്ക്കുന്നതായുമുള്ള ആക്ഷേപങ്ങളിൽ നിലപാട് വ്യക്തമാക്കുമോ? | (എഫ്) | 2007-ൽ സർക്കാരും ടീകോമും ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയാണ് സ്മാർട്ട് സിറ്റി ഉപസംരംഭകരെ പങ്കാളികളാക്കുന്നത്. |

സെക്ഷൻ ഓഫീസർ